**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 210** **10.06.2013-ൽ മറുപടിക്ക്.**

# പൈതൃക പോലീസ് സ്റ്റേഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വൈക്കം പോലീസ് സ്റ്റേഷനെ പൈതൃക പോലീസ് സ്റ്റേഷൻ ആക്കുന്നതിനുള്ള നടപടികൾ എന്തായി എന്നു വെളിപ്പെടുത്തുമോ ; | : (എ) വൈക്കം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം ചരിത്രസ്മാരകമാക്കുന്നതിന്റെ ഭാഗമായി കേടുപാട് തീർത്ത് നവീകരിക്കുന്നതിനായി കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷന് എസ്റ്റിമേറ്റ് സമർപ്പിച്ചെങ്കിലും കലാപരവും ചരിത്രപരവുമായിട്ടുള്ള നിർമ്മാണ പ്രവൃത്തിയ്ക്കുള്ള എസ്റ്റിമേറ്റായതിനാൽ കെ.പി.എച്ച്.സി.സി.യുടെ മാനേജിംഗ് ഡയറക്ടർ അംഗീകരിച്ചില്ല. എന്നാൽ പ്രസ്തുത പോലീസ് സ്റ്റേഷൻ പൈതൃക പോലീസ് സ്റ്റേഷനാക്കുന്നതിനാവശ്യമായ ഫണ്ട് എം.എൽ.എ. ഫണ്ട്/എം.പി.ഫണ്ട്/ പി.ഡബ്ല്യു.ഡി. എന്നിവയിൽ നിന്നും കണ്ടെത്താൻ സാധിച്ചാൽ ഇതു സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) എത്ര പോലീസ് സ്റ്റേഷനുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | : (ബി) വൈക്കം പോലീസ് സ്റ്റേഷൻ മാത്രമാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) പൈതൃക പോലീസ് സ്റ്റേഷൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും, ഇതിന്റെ മാനദണ്ഡങ്ങളും എന്തെന്നും വെളിപ്പെടുത്തുമോ ? | : (സി) ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് വി.രാമസ്വാമി നായ്ക്കർ ഉൾപ്പെടെയുള്ള ദേശീയ നേതാക്കളെയും സമരനായകരെയും തുറുങ്കിൽ പാർപ്പിച്ചത് ഈ കെട്ടിടത്തിലായിരുന്നു. കെട്ടിടം ആഭ്യന്തര വകുപ്പിന്റെ കീഴിൽ ചരിത്ര മ്യൂസിയമാക്കി മാറ്റിയാൽ സ്കൂൾ കുട്ടികൾ ഉൾപ്പെടെയുള്ള യുവതലമുറയ്ക്കും പൊതുജനങ്ങൾക്കും വൈക്കം |

(മറുപുറം)

സത്യാഗ്രഹചരിത്രമുൾപ്പെടെയുള്ള
സ്വാതന്ത്ര്യസമരത്തെപ്പറ്റിയുള്ള ഓർമ്മ
പുതുക്കുന്നതിനും, മനസ്സിലാക്കുന്നതിനും,
ദേശീയ ബോധം ഉണർത്തുന്നതിനും ഇതുമൂലം
പോലീസും ജനങ്ങളുമായി നല്ലബന്ധം
സ്ഥാപിക്കുന്നതിനും സഹായിക്കും എന്ന്
കരുതുന്നു.

സെക്ഷൻ ഓഫീസർ